# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2193 18.03.2015-ൽ മറുപടിക്ക്

ചോദ്യം

ശ്രീ. എളമരം കരീം
ഡോ. കെ.ടി. ജലീൽ
ശ്രീ. വി. ചെന്താമരാക്ഷൻ
ശ്രീ. എസ്. ശർമ്മ

ഉത്തരം

**ശ്രീ.കെ.എം.മാണി**
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

### ബഡ്ജറ്റ് പ്രഖ്യാപനത്തിലെ പദ്ധതികൾ

| | | |
|---|---|---|
| (എ) | നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും എത്ര ശതമാനം പ്രാവർത്തികമാക്കാൻ സാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 217-ഓളം പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽ 94-ഓളം പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും, ഭരണാനുമതി ലഭിച്ച പദ്ധതികളിൽ 26-ഓളം എണ്ണം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള പദ്ധതികളുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയാണ്. എന്നാൽ നാളിതുവരെയും യാതൊരു നടപടികളും സ്വീകരിക്കാത്ത 20-ഓളം പദ്ധതികളുമുണ്ട്. |
| (ബി) | ബഡ്ജറ്റ് പ്രഖ്യാപനത്തിലെ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിൽ ഇത്രയും കുറഞ്ഞ തോത് ഇതിനു മുമ്പുണ്ടായിട്ടില്ലെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ; | 2014-15 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ ഭരണാനുമതി, സാങ്കേതികാനുമതി തുടങ്ങിയ നടപടിക്രമങ്ങൾ പാലിച്ച് മാത്രമേ നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. നിർവ്വഹണം ആരംഭിച്ച പദ്ധതികൾ പലതും ദീർഘകാലാടിസ്ഥാനത്തിൽ മാത്രമേ പൂർത്തീകരിക്കുവാനും കഴിയുകയുള്ളൂ. ബഡ്ജറ്റിൽ പദ്ധതികൾ പ്രഖ്യാപിച്ചതിന്ശേഷം അവ നടപ്പിലാക്കുന്നതിനുള്ള ചുമതല ഭരണവകുപ്പുകൾക്കും നിർവ്വഹണ വകുപ്പുകൾക്കുമാണ് |
| (ഡി) | പ്രഖ്യാപിത പദ്ധതികളിലേറെയും സർക്കാർ ഉത്തരവുകൾ മാത്രമായതിന് കാരണം വെളിപ്പെടുത്താമോ? | |

| | | |
|---|---|---|
| (സി) | ബഡ്ജറ്റ് പ്രഖ്യാപനത്തിലെ പദ്ധതികൾക്കും പരിപാടികൾക്കും വകയിരുത്തിയ തുകയിൽ ചുരുങ്ങിയ ശതമാനം മാത്രം ചെലവഴിക്കപ്പെട്ടിട്ടും സംസ്ഥാനം ഇത്രയും ഉയർന്ന തോതിലുള്ള സാമ്പത്തിക പ്രതിസന്ധിയിലായതെങ്ങനെയെന്ന് വ്യക്തമാക്കുമോ | സംസ്ഥാനത്ത് നിലവിൽ സാമ്പത്തിക പ്രതിസന്ധി ഇല്ല |

സെക്ഷൻ ഓഫീസർ